കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കള്ളാർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-10/992/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി.06.11.2019.

ഡെപ്യൂട്ടിഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കള്ളാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കള്ളാർ ഗ്രാമപഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 10/992/2019 തിയ്യതി:06.11.2019.

# കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീശൻ.എൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.08-2019 മുതൽ 19.08.2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ലോകേഷ ആചാരി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ബാബു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. കെ.സി.കുഞ്ഞിക്കൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജനാർദ്ദനൻ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ത്രേസ്യാമ്മ ജോസഫ് | 01-04-2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | സനിൽ കുമാർ.ജി (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 01-04-2018മുതൽ 16.05.2018 വരെ |
| | പ്രീത ചെറുവല്ലത്ത് | 17.05.2018മുതൽ 20.06.2018 വരെ |
| | എ.ദാമോദരൻ | 21.06.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | സനിൽ കുമാർ.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | രാജേഷ്.എ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | കൃഷി ഓഫീസർ | വിനോദിനി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശരണ്യ വേണ | 01.04.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| 5 | വി.ഇ.ഒ (രാജപുരം സർക്കിൾ) | ജയരാജൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ (കള്ളാർ സർക്കിൾ) | രാജ്ഞ.കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | പ്രധാനാധ്യാപകൻ | പുന്നൂസ് മാത്യൂ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.മുരളീധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | സുനിത.വി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ശ്രീജ | 01.04.2018 മുതൽ 18.04.2018 വരെ |
| | | ഡോ.ദിലീപ്.കെ | 19..04.2018 മുതൽ 11.07.2018 വരെ |
| | | ഡോ.ഉഷ.സി | 12.07.2018 മുതൽ 31.03.2019 വരെ |
| | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബേബി സിനി.എം | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ. | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-13 |
| 14 | ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം | 1-14 |
| 15 | 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് തിരിച്ചടക്കാൻ അവശേഷിക്കുന്നു | 1-15 |
| 16 | കുടിവെള്ള പദ്ധതി- എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ- നഷ്ടം | 1-16 |
| 17 | കപ്പള്ളി അങ്കണവാടിക്ക് പാർശ്വ ഭിത്തി നിർമാണം- ക്വട്ടേഷൻ നിരക്ക് കിഴിക്കാത്തതിനാൽ നഷ്ടം | 1-17 |
| 18 | റോഡ് സോളിംഗ് പ്രവൃത്തിയിലെ അപാകതകൾ | 1-18 |
| 19 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം -അപാകത . | 1-19 |
| 20 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അപാകത. | 1-20 |
| 21 | പ്രൊജക്ട് നമ്പർ S0039/19 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.റ്റി കുട്ടികൾക്ക് ഫർണീച്ചർ വിതരണം - അപാകത . | 1-21 |
| 22 | പ്രൊജക്ട് നമ്പർ S0060/19 സ്കൂളുകൾക്ക് ഗണിത ലാബ് - അപാകത. | 1-22 |
| 23 | സ്കൂളുകൾ (ഇംഗ്ലീഷ്,മലയാളം പത്രം)വയോജന ക്ലബ്ബുകൾ,യുവജനക്ലബ്ബുകൾ, ഘടക സ്ഥാപനങ്ങൾ എന്നിവയ്ക്ക് പത്രവിതരണം നൽകൽ- അപാകത. | 1-23 |
| 24 | SSA പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-24 |
| 25 | പ്രോജക്ട് നമ്പർ.S00266/19- വയോജനങ്ങൾക്ക് കട്ടിൽ-(പട്ടിക വർഗ്ഗം) അപാകത | 1-25 |
| 26 | ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം -അപാകത | 1-26 |
| 27 | പ്രോജക്ട് നമ്പർ.S0023/19-ബാലസഭപ്രവർത്തനം -അപാകത. | 1-27 |
| 28 | അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച് | 1-28 |
| 29 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-29 |
| 30 | TR 7 A മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല | 1-30 |

| | | |
|---|---|---|
| 31 | ആയുർവ്വേദ മരുന്നുകൾ വാങ്ങാൻ പണം മുൻകൂറായി അടച്ച-മരുന്ന് ലഭിച്ചിട്ടില്ല | 1-31 |
| 32 | തുക കൈപ്പറ്റിയിട്ടും പ്രിൻറർ ലഭിച്ചിട്ടില്ല ,10872 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . | 1-32 |
| 33 | സായം പ്രഭ ഹോം - പദ്ധതി 2,80,000 രൂപ ചെലവഴിച്ചിട്ടില്ല. | 1-33 |
| 34 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ | 1-34 |
| 35 | പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല | 1-35 |
| ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 36 | കുടിവെള്ള പദ്ധതി- റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകതകൾ- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-1 |
| 37 | കപ്പള്ളി അങ്കണവാടിക്ക് പാർശ്വഭിത്തി നിർമാണം- ക്വട്ടേഷൻ നിരക്ക് കിഴിക്കാത്തതിനാൽ നഷ്ടം | 3-2 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ - ഇല്ല | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 43 | സ്ഥിരനിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |

| | | |
|---|---|---|
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ്/റിവൈസ്ഡ് ബഡ്ജറ്റ് നം പ്രകാരം അംഗീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് | റിവൈസ്ഡ് ബഡ്ജറ്റ് |
|---|---|---|
| തീരുമാനം നമ്പർ തീയ്യതി | 1(2), 28.03.2018 | 4(2), 24.01.2019 |
| മുന്നിരിപ്പ് | 50,02,690 | 50,02,690 |
| വരവ് | 14,39,82,665 | 14,42,55,656 |
| ആകെ | 14,89,85,355 | 14,92,58,346 |
| ചെലവ് | 14,69,58,520 | 14,72,31,520 |
| നീക്കിയിരിപ്പ് | 20,26,835 | 20,26,826 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് തിരികെ സമർപ്പിച്ച തിയതി | റിമാർക്ക്സ് |
|---|---|---|---|---|
| 31.07.2019 | 20.06.2019 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ- * സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിലും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറിയ തുകകൾ സഹിതം)

| | |
|---|---|
| വർഷം | 2018-19 |
| മുന്നിരിപ്പ് | 75,76,581 |
| വരവ് | 16,00,03,408<br>(സാമൂഹ്യ ക്ഷേമപെൻഷൻ- DBT തുക – 3,28,80,200 |

| | |
|---|---|
| | രൂപ , തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ തുക- 2,45,23,547 രൂപ എന്നീ തുകകൾ അടക്കം) |
| ആകെ | 16,75,79,989 |
| ചെലവ് | 14,93,04,462<br>(സാമൂഹ്യ ക്ഷേമപെൻഷൻ- DBT തുക – 3,28,80,200 രൂപ , തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ തുക- 2,45,23,547 രൂപ എന്നീ തുകകൾ അടക്കം) |
| നീക്കിയിരിപ്പ് | 1,82,75,527 |

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി ബാദ്ധ്യതകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ബാദ്ധ്യതകൾ | | ആസ്തികൾ | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| ജനറൽ ഫണ്ട് | (-)2,94,15,563 | സ്ഥിര ആസ്തികൾ (തേയ്മാനം കുറച്ച്) | 3,60,81,114 |
| | | പാർട്ട് ബില്ലായി നൽകിയിട്ടുള്ള തുകകൾ | 12,89,201 |
| ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | 5,23,20,076 | കുടിശ്ശികയായിട്ടുള്ള നികുതികൾ | 83,989 |
| പ്രത്യേക ഉദ്ദേശങ്ങൾക്ക് ലഭിച്ച ഫണ്ടുകളിൽ ബാക്കി തുക | 1,36,76,929 | | |
| വായ്പ | 1,75,05,000 | തിരികെ ലഭിക്കാനുള്ള മുൻകൂറുകൾ, | 15,91,001 |
| തിരികെ കൊടുക്കാനുള്ള നിക്ഷേപങ്ങൾ | 3,12,094 | ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകൾ | 1,82,71,322 |
| ശമ്പള ബാദ്ധ്യത | 4,71,447 | ക്യാഷ് നീക്കിയിരിപ്പ് | 4,205 |
| സർക്കാറിനും മറ്റു സ്ഥാപനങ്ങൾക്കും അടക്കാനുള്ള തുകകൾ | 21,82,660 | | |
| മുൻകൂറായി സ്വീകരിച്ചിട്ടുള്ള നികുതികൾ, ഫീസുകൾ, വാടക | 2,45,801 | | |
| മറ്റു ബാദ്ധ്യതകൾ | 22,388 | | |
| ആകെ ബാദ്ധ്യതകൾ | 5,73,20,832 | ആകെ ആസ്തികൾ | 5,73,20,832 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,45,71,279 | 1,45,71,279 | 1,45,68,713 | 2,566 | 99.98 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3,09,000 | 3,09,000 | 2,98,829 | 10,171 | 96.7 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,82,38,000 | 1,82,38,000 | 1,43,99,201 | 38,38,799 | 78.95 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 67,64,000 | 67,64,000 | 65,47,500 | 2,16,500 | 96.79 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 1,09,19,000 | 1,09,19,000 | 1,01,51,930 | 7,67,070 | 92.97 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 0 | 30,03,000 | 30,03,000 | 29,63,403 | 39,597 | 98.68 |
| | ആകെ | 5,38,04,279 | 5,38,04,279 | 4,89,29,576 | 48,74,703 | 90.93 |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക ₹48,74,703 )

ഫണ്ട് വിനിയോഗം രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,45,71,279 | 1,45,71,279 | 1,45,68,713 | 2,566 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3,09,000 | 3,09,000 | 2,98,829 | 10,171 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1,82,38,000 | 1,82,38,000 | 1,43,99,201 | 38,38,799 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 67,64,000 | 67,64,000 | 65,47,500 | 2,16,500 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,09,19,000 | 1,09,19,000 | 1,01,51,930 | 7,67,070 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 30,03,000 | 30,03,000 | 29,63,403 | 39,597 |
| സാക്ഷരത | | 62,274 | 2,528 | 64,802 | - | 64,802 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 2,45,23,547 | 2,45,23,547 | 2,45,23,547 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 60,976 | 14,92,332 | 15,53,308 | 4,17,053 | 11,36,255 |
| <u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-</u> | | | | | | |
| പനത്തടി സ്രവീസ് സഹകരണ ബാങ്ക് - പശ്ചിമഘട്ട വികസന പദ്ധതി | | 37,866 | 1,515 | 39,381 | - | 39,381 |
| സംയോജിത സിശു വികസന പദ്ധതി (ICDS) | | 8,93,090 | 2,70,325 | 11,63,415 | 1,88,213 | 9,75,202 |
| ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി (ARWSS) | | - | 12,77,698 | 12,67,698 | 12,62,934 | 4,764 |
| NPRPD | | 2,60,000 | - | 2,60,000 | 1,48,818 | 1,11,182 |
| മറ്റു കേന്ദ്ര ഫണ്ടുകൾ | | 45,450 | - | 45,450 | - | 45,450 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ- | | | | | | |
| തൊഴിലുറപ്പ് പദ്ധതി നൂറുദിനം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | | - | 1,90,000 | 1,90,000 | 1,90,000 | - |
| തൊഴിലില്ലായ്മ വേതനം | | - | 11,280 | 11,280 | 11,280 | - |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | | - | 90,000 | 90,000 | 90,000- | |

| | | | | | | |
|---|---|---|---|---|---|---|
| കേരളോത്സവം ഗ്രാന്റ് | | - | 20,000 | 20,000 | - | 20,000 |
| ലൈഫ് ഭവന പദ്ധതി വായ്പ | | - | 2,23,67,194 | 2,23,67,194 | 2,23,65,000 | 2,194 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1,89,500 | 35,17,824 | 37,07,324 | 34,02,424 | 3,04,900 |
| | ജില്ലാ പഞ്ചായത്ത് | 13,00,467 | 23,16,509 | 36,16,976 | 21,38,311 | 14,78,665 |
| ബി ഫണ്ട് | | - | 3,28,80,200 | 3,28,80,200 | 3,28,80,200 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 67,93,195 | 55,36,323 | 1,23,29,518 | 20,74,443 | 1,02,55,075 |
| | ട്രഷറി അക്കൗണ്ട് 9ജനറൽ പർപ്പസ് ഗ്രാന്റ് അടക്കം) | 7,12,270 | 1,82,52,384 | 1,89,64,654 | 1,24,72,637 | 64,92,017 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 270 | 207 | 63 | - | 76.77 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 30,67,943 | 13 | 15,76,196 | |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 74,31,786 | 8 | 50,56,236 | |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 171 | 4,51,76,473 | 86 | 2,14,97,709 | |
| 4 | കൃഷി ഓഫീസർ | 11 | 38,86,732 | 9 | 23,95,990 | |
| 5 | ലേഡി വില്ലേജ് എക്സ്റ്റൻഷൻ | | | | | |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 7,65,06,764 | 11 | 3,56,33,053 | |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 68,15,457 | 11 | 55,97,634 | |
| 7 | വെറ്റനറി സർജ്ജൻ | 12 | 43,28,670 | 12 | 26,12,605 | |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 8,00,000 | 1 | 8,00,000 | |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 3 | 9,83,075 | 2 | 7,35,420 | |

| | | | | | | |
|---|---|---|---|---|---|---|
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 5,61,400 | 2 | 5,61,400 | |
| 11 | പ്രധാനാധ്യാപകൻ | 9 | 22,43,296 | 7 | 16,74,449 | |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | | | | | |
| | ആകെ | 270 | 15,18,01,506 | | 7,81,40,692 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 60,976 | 11,02,715 | 11,63,691 | 27,436 | 11,36,255 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 2,45,23,547 | 2,45,23,547 | 2,45,23,547 | - |
| ആകെ | 60,976 | 2,56,26,262 | 2,56,87,238 | 2,45,50,983 | 11,36,255 |

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11,280 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 9,30,800 | 74 |
| വിധവാപെൻഷൻ | 1,00,08,300 | 822 |
| വാർദ്ധക്യകാലപെൻഷൻ | 1,80,39,800 | 1553 |
| വികലാംഗപെൻഷൻ | 35,40,500 | 277 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 3,60,800 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-08-2019തീയതിയിൽ 12.pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 5380 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

(1)ആസ്തികളുടെ പരിപാലനം -പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിൻെറ ആസ്തി രജിസ്റ്റർ ഇലടിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിന്റെ

അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം - ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ദേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസ
ത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം - പി.ആർ എഴുതി സൂക്ഷിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ - പരാതി രജിസ്റ്റർ ആവശ്യക്കാർക്ക് ലഭ്യമാവുന്ന തരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ - നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ, എന്നിവചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ - പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-06-2019 മുതൽ 15-06-2019 വരെ | 2019 ജനുവരി മുതൽ 2019 മെയ് വരെ | 17-06-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | – | വിവരം ലഭ്യമല്ല | -- |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ലെ കെ.എസ്.എ.കെ.എസ് ഡി-3/787/2019 തീയ്യതി 06-08-2019 നമ്പരിൽ സാക്ഷ്യപത്രം പുറപ്പെടുവിച്ചിരുന്നു. ഈ സാക്ഷ്യപത്രത്തിലെ വിശേഷണങ്ങളിൽ ഓഡിറ്റ് വേളയിലും പരിഹരിക്കാൻ ബാക്കിയുള്ളവ ചുവടെ ചേർക്കുന്നു.

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകളിൽ ആസ്തി രജിസ്റ്റർ സംബന്ധിച്ചുള്ള അപാകതകൾ ഒഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്.

2. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

3. 160100601- NREGA എന്ന കണക്കിൽ 2018-19 വർഷത്തെ എഫ്.ടി.ഒ/ ഇ.എഫ്.എം.എസ് തുകയായി 2,45,23,547 രൂപയാണ് ചേർത്തിട്ടുള്ളത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ എഫ്.ടി.ഒ സമ്മറി പ്രകാരം 2018-19 വർഷത്തെ ആകെ എഫ്.ടി.ഒ തുക 2,44,77,400 രൂപയാണ്.

4. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 412010101-capital work in progress എന്ന ഹെഡിൽ 12,89,201 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 31.03.2019 ന് പാർട്ട് ബിൽ മാത്രം നൽകിയിട്ടുള്ള പ്രവൃത്തികൾ ഒന്നും തന്നെയില്ല.

5. വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ രണ്ട് വ്യത്യസ്ത ഹെഡുകളിൽ വരവ് ചേർത്തു കാണുന്നു. 171100101 എന്ന ഹെഡിൽ 3,17,846 രൂപയും 170100199-Interest on investments എന്ന ഹെഡിൽ 20,959 രൂപയും. രണ്ടു തുകകളും 171100101 എന്ന ഹെഡിലാണ് വരവ് കാണിക്കേണ്ടിയിരുന്നത്.

6. വികസന ഫണ്ട് (ജനറൽ) വരവ് ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക, സുലേഖയിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യസ്ത തുകകളാണെന്ന് കാണുന്നു.

| അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രികയിലെ തുക | സുലേഖയിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| 1,45,68,713 | 1,44,18,763 | 1,45,70,434 |

7. 2018-19 വർഷത്തിൽ വസ്തു നികുതിയിനത്തിൽ 27,51,871 രൂപ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ സംഗ്രഹം അടിസ്ഥാനമാക്കിയാണ് വരുമാനം രേഖപ്പെടുത്തിയത്. എന്നാൽ വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2018-19 ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ 1,15,172 രൂപയുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-12 ഡി.&ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ.

ഡി.&ഒ ലൈസൻസ് പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.2/14-08-2019)

(A) വിറ്റുവരവ് അടിസ്ഥാനപ്പെടുത്തിയോ യന്ത്രത്തിന്റെ കുതിരശക്തി അടിസ്ഥാനപ്പെടുത്തിയോ ആയിരിക്കണം ലൈസൻസ് ഫീ ഈടാക്കേണ്ടത് (1996 ലെ ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടം കാണുക) എന്നാൽ താഴെകൊടുത്തിരിക്കുന്ന അപേക്ഷകളിൻ മേൽ നിബന്ധന പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)ജേക്കബ്.കെ.ജെ s/oജോസഫ് (വാർഡ് നമ്പർ-VI/90, SL.No-27) എന്ന കച്ചവടക്കാരന്റെ ഓയിൽ & ഫ്ലോർ മിൽ നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 10 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി.&ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടപട്ടികപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

2)ബിജു അഗസ്റ്റിൻ (വാർഡ് നമ്പർ-XI/62, SL.No-31) എന്ന കച്ചവടക്കാരന്റെ അരിപൊടി,ഗോതമ്പ് പൊടി നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 7.5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 100 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 രൂപ ഈടാക്കിയിട്ടില്ല.

3)നെസിമോൾ.പി,തൈക്കൂട്ടം (വാർഡ് നമ്പർ-VIII/9 SL.No-16) എന്ന കച്ചവടക്കാരന്റെ ഓഫ്സെറ്റ് പ്രസ്സ് നടത്താൻ

വേണ്ടിയുള്ള അപേക്ഷയിൽ 2 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

4)ടിജ്ജു തോമസ് (വാർഡ് നമ്പർ-VI/18B SL.No-47) എന്ന കച്ചവടക്കാരന്റെ ഫ്ലോർ മിൽ നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 15 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 200 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 200 രൂപ ഈടാക്കിയിട്ടില്ല.

5)വിനോ ജോസഫ് (വാർഡ് നമ്പർ-X/542 SL.No-77) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 5 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50 രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

6)ശ്രീനിവാസൻ.കെ (വാർഡ് നമ്പർ-IV/355 SL.No-365) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 4 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

7)മനോജ്.വി,താന്നിക്കാൽ (വാർഡ് നമ്പർ-XIII/3A SL.No-372) എന്ന കച്ചവടക്കാരന്റെ വെൽഡിംഗ് ഷോപ്പ് നടത്താൻ വേണ്ടിയുള്ള അപേക്ഷയിൽ 4 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം 50രൂപയാണ് ലൈസൻസ് ഫീസിനത്തിൽ മേൽ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 50 രൂപ ഈടാക്കിയിട്ടില്ല.

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.കള്ളാർ ഗ്രാമപഞ്ചായത്തിന്റെ23-09-2011 ലെ തീരുമാനം നമ്പർ 93/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 2 മൊബൈൽ ടവറുകളിൽ നിന്നും 2018-19 വർഷത്തെ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിഴ പലിശ അടക്കം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (19-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 )

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികുതി കുടിശ്ശികയുള്ള വർഷങ്ങൾ |
|---|---|---|---|---|
| 1 | ജനറൽ മാനേജർ<br>BSNL കണ്ണൂർ | 606/X | 15.07m2 | 2018-19 |
| 2 | ജനറൽ മാനേജർ<br>BSNL കണ്ണൂർ | 138/IV | 23m2 | 2013-14 മുതൽ<br>2018-19 വരെ |

## 1-14 വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

വസ്തു നികുതി വൻ കുടിശ്ശിക

31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 8,33,464/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ ₹11,28,812/-രൂപയും പിരിച്ചടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതി പരിഷ്കരണം

പഞ്ചായത്തിൽ പൂർത്തിയക്കേണ്ടതാണ്. വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

<u>തൊഴിൽ നികുതി-അപാകത</u>

തൊഴിൽനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവികൾ ഹാജരാക്കുന്ന തൊഴിൽ നികുതി പത്രികയിൽ ചില സ്ഥാപനങ്ങൾ മുഴുവൻ വരുമാന വിവരങ്ങളും ഉൾപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജിതാവധി സറണ്ടർ തുക, ബോണസ്, ഫെസ്റ്റിവൽ അലവൻസ്,ക്ഷാമബത്ത കുടിശ്ശിക,ശമ്പള പരിഷ്കരണ കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നുമില്ല. ഇക്കാരണത്താൽ പഞ്ചായത്ത് ഫണ്ടിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഭാവിയിൽ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കുമ്പോൾ മുഴുവൻ വരുമാന വിവരങ്ങളും രേഖപ്പെടുത്തി സമർപ്പിക്കാൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>D&O ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

## 1-15 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറിസെസ് തിരിച്ചടക്കാൻ അവശേഷിക്കുന്ന

സർക്കുലർ നം.10088/എൽ3/05/തസ്വഭവ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് 90,574/-രൂപയാണ്. 30-05-2019 ലെ ചെക്ക് നമ്പർ.07000134 പ്രാകാരം 90,306/-രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടുണ്ട്. ബാക്കി 268/-രൂപ ലൈബ്രറിസെസ് ഇനത്തിൽ ഇനിയും അടക്കുവാൻ അവശേഷിക്കുന്നുണ്ട്. ഒടുക്കുവാൻ അവശേഷിക്കുന്ന തുക അടവാക്കിയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (19-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 )

## 1-16 കുടിവെള്ള പദ്ധതി- എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ- നഷ്ടം

പ്രവൃത്തി- ARWSS-കൊട്ടോടി നാണംകടൽ എസ്.ടി കോളനി കുടിവെള്ള പദ്ധതി

ഫണ്ട്- ARWSS

ചെലവ്- ചെക്ക് നം 7872356/29.11.2018- 12,62,934 രൂപ

ARWSS പദ്ധതിയിൽ പെടുത്തി പഞ്ചായത്തിലെ കൊട്ടോടി നാണംകടൽ എസ്.ടി കോളനിയിൽ 12,62,934 രൂപ ചെലവിൽ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉറന്ന കിണർ, പമ്പ് ഹൗസ്, വിതരണ പൈപ്പ് ലൈൻ, വാട്ടർ ടാങ്ക് എന്നീ ഘടകങ്ങൾ ഉൾപ്പെട്ട ഈ പദ്ധതി ഇ-ടെണ്ടർ മുഖേന രജിത്ത്.കെ എന്ന കരാറുകാരനാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 2014 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കുകളും 36.19% കോസ്റ്റ് ഇൻഡക്സും അടിസ്ഥാനമാക്കിയാണ്. (എസ്റ്റിമേറ്റ് നം 2016/8076- പ്രൈസ് സോഫ്റ്റ് വെയർ).

തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 09.03.2018 ലെ 10/18 നമ്പർ തീരുമാന പ്രകാരം ഈ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിലെ ചില ഇനങ്ങൾ ഒഴിവാക്കിക്കൊണ്ടും 12 അധിക ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 01/08/2018 ൽ 90701/17-18 എന്ന നമ്പരിൽ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ റിവൈസ്ഡ്

എസ്റ്റിമേറ്റ് പരിശോധിച്ചതിൽ, റിവൈസ്ഡ് എസ്റ്റിമേറ്റിലെ 12 അധിക ഇനങ്ങളുടെ നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് 2016 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കുകൾ അടിസ്ഥാനപ്പെടുത്തിയാണെന്ന് കാണുന്നു. 2014 ലെ ഷെഡ്യൂൾ നിരക്കുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അധിക ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ, അധിക ഇനങ്ങളുടെ നിരക്കുകളും 2014 ലെ ഷെഡ്യൂൾ നിരക്കുകൾ അടിസ്ഥാനമാക്കി മാത്രമേ കണക്കാക്കാനാവൂ. ഇത് ശ്രദ്ധിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ചുവടെ കണക്കാക്കുന്നു.

| റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം നമ്പർ | DSR കോഡ് | പ്രവൃത്തി വിശദാംശം | അനുവദിച്ച നിരക്ക് (2016 ലെ നിരക്ക്) കോസ്റ്റ് ഇൻഡക്സ്- 36.19% | | അനുവദനീയമായ നിരക്ക് (2014 ലെ നിരക്ക്) കോസ്റ്റ് ഇൻഡക്സ്- 36.19% | |
|---|---|---|---|---|---|---|
| | | | എസ്റ്റിമേറ്റ് | 6.40% കുറവ് നിരക്കിൽ | | 6.40% കുറവ് നിരക്കിൽ |
| അധിക ഇനം നം-1 | OD | Earthwork Excavation Ordinary Rock | 728.51/cum | 851.41/cum * | 672.02/cum | 629.01/cum |
| അധിക ഇനം നം-2 | 2.7 | Earthwork Excavation- Hard rock- require blasting- IV th depth- 6.00 to 7.5 m | 535.63/cum | 501.35/cum | 569.47/cum | 533.02/cum |
| അധിക ഇനം നം-3 | 2.7 | Earthwork Excavation- Hard rock- require blasting- V th depth- 7.50 to 9.00 m | 749.88/cum | 701.89/cum | 687.22/cum | 643.23/cum |
| അധിക ഇനം നം-4 | 60.7.8 | DR masonry- with departmental rubble | 974.41/cum | 912.05/cum | 869.23/cum | 813.60/cum |
| അധിക ഇനം നം-5 | 60.2.2 | Bailing out of water 5HP engine | 256.94/hour | 238.65/hour | 259.30/hour | 242.70/hour |
| അധിക ഇനം നം-6 | 5.9.3 | Centering and shuttering | 575.13/sqm | 538.33/sqm | 547/sqm | 512/sqm |
| അധിക ഇനം നം-7 | 13.7.2 | 12 mm cement plastering 1:4 | 291.74/sqm | 273.07/sqm | 276.8/sqm | 259.08/sqm |
| അധിക ഇനം നം-8 | 9.48.2 | Providing and fixing MS grill | 153.14/kg | 143.34/kg | 159.20/kg | 149.01/kg |
| അധിക ഇനം നം-9 | 50.18.9.6.2 | Providing and fixing PVC pipes<br>50mm dia 6kgf/sq.cm | 217.52/m | 203.6/m | 206.05/m | 192.86/m |

| | | | | | | |
|---|---|---|---|---|---|---|
| അധിക ഇനം നം-10 | 18.54.4 | PTMT bibcock | 154.92/e | 145.01/e | 252/e | 235.87/e |
| അധിക ഇനം നം-11 | 18.18 | PVC ball valve | 391.23/e | 366.2/e | 392.90/e | 367.05/e |
| അധിക ഇനം നം-12 | 4.1.3 | CC 1:2:4, 20mm | 7465.90/cum | 6988.09/cum | 7444.55/cum | 6968.09/cum |

അധിക ഇനങ്ങൾക്ക് 2016 ലെ നിരക്ക് കണക്കാക്കിയതിനാൽ ചില ഇനങ്ങൾക്ക് നിരക്ക് അധികവും ചില ഇനങ്ങൾക്ക് കുറവും വന്നതായി കാണാം. അധിക നിരക്കും കുറവ് നിരക്കും തട്ടിക്കിഴിച്ച് പഞ്ചായത്തിന് സംഭവിച്ചിട്ടുള്ള നെറ്റ് നഷ്ടം ചുവടെ കണക്കാക്കുന്നു.

| ഇനം | അനുവദിച്ചിട്ടുള്ള മൂല്യം | അനുവദനീയമായ മൂല്യം | | | അധികം |
|---|---|---|---|---|---|
| | | ചെയ്ത അളവ് | അനുവദനീയമായ നിരക്ക് | അനുവദനീയമായ മൂല്യം | |
| അധിക ഇനം നം-1 | 29577.98 | 34.74 cum | 629.01/cum | 21851.80 | 7726.18 |
| അധിക ഇനം നം-2 | 23914.40 | 47.70 cum | 533.02/cum | 25425.05 | (-)1510.65 |
| അധിക ഇനം നം-3 | 14908.14 | 21.24 cum | 643.23/cum | 13662.20 | 1245.93 |
| അധിക ഇനം നം-4 | 25573.88 | 28.04 cum | 813.60/cum | 22813.34 | 2760.53 |
| അധിക ഇനം നം-5 | 15273.6 | 64 hours | 242.70/hour | 15532.8 | (-)259.20 |
| അധിക ഇനം നം-6 | 2885.45 | 5.36 sqm | 512/sqm | 2744.32 | 141.13 |
| അധിക ഇനം നം-7 | 699.06 | 2.56 sqm | 259.08/sqm | 663.24 | 35.81 |
| അധിക ഇനം നം-8 | 2568.65 | 17.92 kg | 149.01/kg | 2670.25 | (-)101.60 |
| അധിക ഇനം നം-9 | 104548.60 | 513.5 m | 192.86/m | 99033.61 | 5514.99 |
| അധിക ഇനം നം-10 | 6090.42 | 42 nos | 235.87/e | 9906.54 | (-)3816.12 |
| അധിക ഇനം നം-11 | 366.20 | 1 no. | 367.05/e | 367.05 | (-)0.85 |
| അധിക ഇനം നം-12 | 11886.74 | 1.701cum | 6968.09/cum | 11852.72 | 34.01 |
| | | | | | 11,769.29 say Rs. 11,769 |

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, തിയതി 16.08.2019) മറുപടി

നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് വ്യക്തമായ നഷ്ടം നേരിട്ടു എന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഈ ഖണ്ഡിക ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം 3ൽ സർചാർജ് നടപടികൾ ആവശ്യമുള്ള ഖണ്ഡികകളുടെ കൂട്ടത്തിൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതു കൂടാതെ, ഈ പ്രവൃത്തിയുടെ അളവു പുസ്തകം നം 71/17-18 ലെ പേജ് 7 പ്രകാരം അധിക ഇനം പ്രവൃത്തി നം 2 ൽ 47.70 ഘ.മീ പാറ വെടിയുപയോഗിച്ച് പൊട്ടിച്ചെടുത്തിട്ടുണ്ട്. ഇതേ അളവു പുസ്തകത്തിലെ പേജ് 9 പ്രകാരം 21.24 ഘ.മീ പാറ അധിക ഇനം നം 3 ൽ വെടിയുപയോഗിച്ച് പൊട്ടിച്ചെടുത്തിട്ടുണ്ട്. (ആകെ 68.94 ഘ.മീ)

ഈ കല്ലുപയോഗിച്ച്, അളവു പുസ്തകം നം 71/17-18 ലെ പേജ് 11, 17,23 എന്നിവ പ്രകാരം ആകെ 28.04 ഘ.മീ Dry Rubble Masonery പ്രവൃത്തി ചെയ്തിട്ടുണ്ട്. ഒരു ഘന മീറ്റർ Dry Rubble Masonery പ്രവൃത്തി ചെയ്യുന്നതിന് 1.05 ഘ.മീറ്റർ കല്ല് ആവശ്യമാണ്. ആയതിനാൽ 28.04 ഘ.മീ Dry Rubble Masonery പ്രവൃത്തി ചെയ്യുന്നതിന് പൊട്ടിച്ചെടുത്ത കല്ലിൽ നിന്ന് 29.44 ഘ.മീറ്റർ കല്ല് ഉപയോഗിച്ചിട്ടുണ്ട്. ബാക്കി 39.50 ഘ.മീറ്റർ കല്ല് എന്തു ചെയ്തുവെന്ന് എം.ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. കല്ലുകൾ ലേലം ചെയ്ത് വിറ്റതായോ കരാറുകാരന് തന്നെ നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല. കല്ലുകൾ ഉപയോഗശൂന്യമാവാനുള്ള സാധ്യതയുമില്ല. ആയതിനാൽ ഈ പാറക്കല്ലുകൾ എന്തു ചെയ്തുവെന്ന് വ്യക്തമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം.1, തിയതി 16.08.2019 മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഇതു സംബന്ധിച്ചുള്ള വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 39.50 ഘ.മീറ്റർ കല്ലിന്റെ DSR പ്രകാരമുള്ള നിരക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടുവെന്ന അനുമാനത്തിൽ പ്രവൃത്തിക്ക് മേൽ നോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കാൻ ശുപാർശ ചെയ്യുന്നതാണ്.

## 1-17 കപ്പള്ളി അങ്കണവാടിക്ക് പാർശ്വ ഭിത്തി നിർമാണം- ക്വട്ടേഷൻ നിരക്ക് കിഴിക്കാത്തതിനാൽ നഷ്ടം

പ്രോജക്ട് നം 141/18-കപ്പള്ളി അങ്കണവാടിക്ക് പാർശ്വ ഭിത്തി നിർമാണം

ഫണ്ട്- 204697- തനതു ഫണ്ട്

295303- മെയിന്റനൻസ് ഫണ്ട്-നോൺറോഡ്

ചെലവ്- ചെക്ക് നം 8485643/31.01.2019- 4,89,756 രൂപ

ഈ പ്രവൃത്തി ടെണ്ടർ/റീടെണ്ടർ എന്നിവയിൽ ആരും ഏറ്റെടുക്കാതെ വന്നതിനെത്തുടർന്ന് 13.02.2017 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ഈ പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും 1.37% കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സുരേഷ് കുമാറിന്റെ ക്വട്ടേഷൻ പഞ്ചായത്ത് ഭരണ സമിതിയുടെ 28.02.2017 ലെ 01/2017 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ നം 56/16-17, തിയതി 17.03.2017 പ്രകാരം 4,89,756 രൂപയുടെ പ്രവൃത്തി കരാറുകാരൻ പൂർത്തിയാക്കുകയും ചെക്ക് നം 8485643/31.01.2019 പ്രകാരം നികുതികളും ക്ഷേമനിധികളും അടക്കം 4,89,756 രൂപ ഈ പ്രവൃത്തിക്കായി പഞ്ചായത്ത് ചെലവു ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ അദ്ദേഹം ക്വാട്ട് ചെയ്ത നിരക്കായ 1.37% കുറവ് പ്രവൃത്തി മൂല്യത്തിൽ നിന്നും കുറവു ചെയ്തിട്ടില്ല. ഈ നിരക്ക് കുറവു ചെയ്തിരുന്നെങ്കിൽ 4,83,046 രൂപ മാത്രമേ പഞ്ചായത്തിന് ഈ പ്രവൃത്തിക്ക് വേണ്ടി വഹിക്കേണ്ടി വരുമായിരുന്നുള്ളൂ. ക്വട്ടേഷൻ നിരക്ക് കുറക്കാത്തതിനാൽ 6,710 രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2, തിയതി 16.08.2019) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ബിൽ തുക തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. സർചാർജ് നടപടികൾ ആവശ്യമുള്ളതിനാൽ ഈ ഖണ്ഡിക ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 റോഡ് സോളിംഗ് പ്രവൃത്തിയിലെ അപാകതകൾ

പ്രോജക്ട് നം 173/18- കൊള്ളിക്കൊച്ചി ഓന്നി റോഡിന് ചെങ്കൽ സോളിംഗ്

ഈ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരൻ ശ്രീ.അബ്ദുൾ സത്താർ 339224 രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും 5% ടെണ്ടർ കുറവ് കിഴിച്ച് 3,22,263 രൂപ ഈ പ്രവൃത്തിക്കായി പഞ്ചായത്ത് ചെലവു ചെയ്തിട്ടുള്ളതായും കാണുന്നു. (ചെക്ക് നം 02916, തിയതി 31.01.2019). ഈ പ്രവൃത്തിയുടെ നിർവഹണം സംബന്ധിച്ച് 08.03.2018 ന് AE/LSGD/KLR/P157/17 നമ്പരിൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് ഒരു കത്തയച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. ഈ കത്ത് പ്രകാരം, പ്രവൃത്തിയുടെ നിർവഹണം സംബന്ധിച്ച് പ്രദേശവാസികൾ പരാതി നൽകിയിട്ടുള്ളതായും ഇതിന്റെ പരിശോധനയിൽ, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ അറിയിക്കാതെയും എഞ്ചിനീയറുടെയോ ഓവർസീയറുടെയോ സാന്നിദ്ധ്യമില്ലാതെയും അളവുകൾ രേഖപ്പെടുത്താതെയും കരാറുകാരൻ ടാറിംഗ് പ്രവൃത്തി ചെയ്തിട്ടുള്ളതായി കാണുന്നുവെന്നും അതിനുള്ള വിശദീകരണം നൽകണമെന്നും ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ ഇതിന് കരാറുകാരൻ മറുപടി നൽകിയതായി ഫയലിൽ കാണുന്നില്ല.

എന്നാൽ ഈ പ്രവൃത്തിയുടെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം ഈ പ്രവൃത്തിയിലെ ടാറിംഗ് ഇനങ്ങൾ 10.04.2018, 11.04.2018, 16.04.2018 തിയതികളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ 08.03.2018 ന് കരാറുകാരന് അയച്ച കത്തിൽ ടാറിംഗ് പ്രവൃത്തി അതിനകം തന്നെ പൂർത്തീകരിച്ചിട്ടുള്ളതായും അളവു പുസ്തകത്തിൽ രേഖപ്പെടുത്താതെ പ്രവൃത്തി ചെയ്തിട്ടുള്ളതായും വ്യക്തമാണെന്ന സാഹചര്യത്തിൽ അളവുകൾ പിന്നീട് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതായി മനസ്സിലാക്കാം. ഈ പ്രവണത അംഗീകരിക്കാനാവില്ല. പ്രവൃത്തി സമയത്തു തന്നെ രേഖപ്പെടുത്തിയില്ലെങ്കിൽ വെറ്റ് മിക്സ് മെക്കാഡം, പ്രൈം കോട്ട്, പ്രീമിക്സ് കാർപ്പറ്റ് തുടങ്ങിയ ഇനങ്ങളുടെ അളവ്, ഗുണനിലവാരം എന്നിവ ഉറപ്പു വരുത്താൻ

സാധിക്കുകയില്ല.

എഞ്ചിനീയറുടെ അസാന്നിദ്ധ്യത്തിലും അളവുകൾ അതാത് സമയം രേഖപ്പെടുത്താതെയും ചെയ്ത ഈ പ്രവൃത്തിയുടെ അളവുകൾ, ഗുണനിലവാരം എന്നിവ ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികളും വീഴ്ചകളിലേക്ക് വഴി വച്ച സാഹചര്യവും വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തിയുടെ ചെലവ് 3,22,263 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ഇതു സംബന്ധിച്ച വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം -അപാകത .

| | |
|---|---|
| പ്രോജക്ട് നം. | S00181/19 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>ജി.ഡബ്ല്യൂ.എൽ.പി.സ്കൂൾ അടോട്ടുകയ |
| ചെലവ് തുക | 1,50,000/-രൂപ (വികസന ഫണ്ട്-ടി.എസ്.പി)<br>828/-രൂപ (വികസന ഫണ്ട്-എസ്.സി.പി)<br>ആകെ = 1,50,828/- |
| ബിൽ നമ്പർ, തീയതി | 04/18-19 – 20-03-2019 Rs.1,50,000/-<br>05/18-19 - 13-03-2019 Rs.828/- |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S00181/19 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 4 സ്കൂളികളിലായി പഠിക്കുന്ന 121 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും, സ്റ്റീൽ കസേരയും നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ (ടി.സി.പി) നിന്ന് 1,50,000/-രൂപയും, വികസന ഫണ്ട്(എസ്.സി.പി) നിന്ന് 828/-രൂപയും ചേർത്ത് ആകെ 1,50,828/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിഡ്ക്കോ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച്കൊണ്ട് ഇൻവോയ്സ് നമ്പർ.596 തിയ്യതി 27-03-2018, ഇൻവോയ്സ് നമ്പർ.595 തിയ്യതി 27-03-2018 എന്നിവ പ്രകാരം 2,900/-രൂപ വിലയുള്ള 121 സ്റ്റീൽ ടേബിളും, 752/-രൂപ വിലയുള്ള 121 സ്റ്റീൽ കസേരയും (Armless) ആണ് വാങ്ങിയത്. ഫിഡ്ക്കോ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.67190788276). ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

ഫർണീച്ചർ നൽകിയ സ്കൂളുകൾ

| ക്രമ നം. | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | GHSS കൊട്ടോടി | 24 |
| 2 | HFHSS രാജപുരം | 52 |
| 3 | സെന്റ്.മേരീസ് AUPS മാലക്കല്ല് | 38 |
| 4 | GHSS ബളാംതോട് | 7 |
| ആകെ | | 121 |

പദ്ധതിയുടെ ഗുണഭോക്താക്കളായ 121 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പദ്ധതി അനുവദിക്കുന്നതിനുവേണ്ട ആവശ്യമായ രേഖകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) ഗ്രാമ വാർഡ് സഭ അംഗീകരിച്ച 4സ്കൂളികളിലായി പഠിക്കുന്ന 121 പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഗുണഭോക്തൃ ലിസ്റ്റും, പഞ്ചായത്ത് തീരുമാനനമ്പരും പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

2) പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള 121 പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

3) നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികവർഗ്ഗ വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൽ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മേശയും കസേരയും ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികവർഗ്ഗ വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

4) 121 ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളാണോ എന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്..

5) പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹജരാക്കേണ്ടതാണ്.

6) ജി.ഒ.(പി)നം.259/2010/തസ്വഭവ തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

7) ടെൻഡർ നടപടി ക്രമങ്ങളിലൂടെ ഫിഡ്ക്കോ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കപ്പെട്ടത്. ഇതനുസരിച്ച് സ്റ്റീൽ ടേമ്പിളും, സ്റ്റീൽ കസേരയും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്ക വേണ്ടിയുള്ള ടെൻഡർ നോട്ടീസ്, ലഭിച്ച ടെൻഡറുകൾ , പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ടെൻഡറുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

7) സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹജരാക്കേണ്ടതാണ്.

8) ഗുണഭോക്താക്കൾ ഫർണീച്ചർ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് പരിശോധനയ്ക്ക് ഹജരാക്കേണ്ടതാണ്.

9) ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി,ലഭ്യമാക്കിയ മേശയും കസേരയും ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,50,828/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (19-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.13 )

## 1-20 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അപാകത.

| | |
|---|---|
| പ്രോജക്ട് നം. | S0058/19 |
| പ്രോജക്ടിന്റെ പേര് | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>ജി.ഡബ്യൂ.എൽ.പി.സ്കൂൾ<br>അടോട്ടുകയ |
| ചെലവ് തുക | 49,760/-രൂപ (തനത് ഫണ്ട്) |
| ചെക്ക് നമ്പർ, തീയതി | 8485642/29-01-2019 |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0058/19 പ്രകാരം ഗ്രാമപഞ്ചായത്തിലെ പരിധിയിലുള്ള 16 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിക്കായി ചെക്ക് നം.8485642 തിയ്യതി.29-01-2019 പ്രകാരം തനത് ഫണ്ടിൽ നിന്നും 49,760/-രൂപ ചെലവഴിച്ചിട്ടുണ്ട്. സ്പോർട്സ് ലൈൻ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച്കൊണ്ട് ഇൻവോയ്സ് നമ്പർ. 3605 തിയ്യതി 25-01-2019, പ്രകാരം 16 ഫുട്ബോൾ, 16 നിവ്യ വോളിബോൾ,32 ഷട്ടിൽ റാക്കറ്റ്,16 വോളിബോൾ നെറ്റ്,ഷട്ടിൽ കോർക്ക് എന്നിവയാണ് വാങ്ങിയത്. സ്പോർട്സ് ലൈൻ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.42043070001530).

ക്ലബ്ബുകളുടെ പേരും, വിതരണം ചെയ്ത സ്പോർട്സ് കിറ്റും

| ക്രമ നം. | ക്ലബ്ബിന്റെ പേര് | സ്പോർട്സ് ഉപകരണങ്ങൾ |
|---|---|---|
| 1 | പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് അഞ്ജനമുക്കട് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്, ഷട്ടിൽ കോർക്ക് |
| 2 | നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പെരുമ്പള്ളി | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്, ഷട്ടിൽ കോർക്ക് |
| 3 | സഹൃദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കനീലടുക്കം | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്, ഷട്ടിൽ കോർക്ക് |
| 4 | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചേടിക്കുണ്ട് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്, ഷട്ടിൽ കോർക്ക് |
| 5 | എത്തനിക് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൂക്കുന്നം | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്, ഷട്ടിൽ കോർക്ക് |
| 6 | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കപ്പള്ളി | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്, ഷട്ടിൽ കോർക്ക് |
| 7 | ഈഗിൾ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ |

| | | |
|---|---|---|
| | ചെറുപനത്തടി | റാക്കറ്റ്,വോളിബോൾ നെറ്റ്,<br>ഷട്ടിൽ കോർക്ക് |
| 8 | ശ്രീഹരി ആർട്സ് & സ്പോർട്സ് ക്ലബ്ബ് അരിങ്കല്ല് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,<br>ഷട്ടിൽ കോർക്ക് |
| 9 | പി.ഗോവിന്ദപിള്ള സ്മാരക വായനശാല പാലംകല്ല് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,<br>ഷട്ടിൽ കോർക്ക് |
| 10 | കപ്പിത്താൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഇടക്കടവ് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,<br>ഷട്ടിൽ കോർക്ക് |
| 11 | മൈത്രി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊല്ലംകോട് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,<br>ഷട്ടിൽ കോർക്ക് |
| 12 | യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊട്ടോടി | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,<br>ഷട്ടിൽ കോർക്ക് |
| 13 | പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചുള്ളിക്കര | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,<br>ഷട്ടിൽ കോർക്ക് |
| 14 | ഛത്രപതി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊട്ടോടി | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,ഷട്ടിൽ കോർക്ക് |
| 15 | ഓർമ്മ വായനശാല വണ്ണാത്തിക്കാനം | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ നെറ്റ്,ഷട്ടിൽ കോർക്ക് |
| 16 | തേജസ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് അഞ്ജനമുക്കട് | ഫുട്ബോൾ,നിവ്യ വോളിബോൾ,ഷട്ടിൽ റാക്കറ്റ്,വോളിബോൾ |

| | | |
|---|---|---|
| | | നെറ്റ്,ഷട്ടിൽ കോർക്ക് |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1) ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങുന്നതിനായി തിരഞ്ഞെടുത്തതിന്റെ മാനദണ്ഡവും, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ സ്പോർട്സ് ലൈൻ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിക്കപ്പെട്ടത്. ഇതനുസരിച്ച് സ്പോർട്സ് കിറ്റുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കു വേണ്ടിയുള്ള ക്വട്ടേഷൻ നോട്ടീസ്, ലഭിച്ച ക്വട്ടേഷനുകൾ , പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ക്വട്ടേഷനുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) സ്പോർട്സ് കിറ്റുകൾ കൈപ്പറ്റിയ ക്ലബ്ബുകൾ ലഭ്യമാക്കിയ കൈപ്പറ്റ് രസീതിയിൽ എത്തനിക് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൂക്കുന്നം, നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പെരുമ്പള്ളി, യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊട്ടോടി, കപ്പിത്താൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഇടക്കടവ്, ഈഗിൾ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചെറുപനത്തടി ക്ലബ്ബുകളുടെ മുദ്ര പതിപ്പിക്കാത്ത കൈപ്പറ്റ് രസീതിയാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട ക്ലബ്ബുകളുടെ മുദ്രപതിപ്പിച്ചിട്ടുള്ള കൈപ്പറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി,ലഭ്യമാക്കിയ സ്പോർട്സ് ഉപകരണങ്ങളെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 49,760/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (19-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14 )

## 1-21 പ്രൊജക്ട് നമ്പർ S0039/19 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.റ്റി കുട്ടികൾക്ക് ഫർണീച്ചർ വിതരണം - അപാകത .

| | |
|---|---|
| പ്രോജക്ട് നം. | S0039/19 |
| പ്രോജക്ടിന്റെ പേര് | 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.റ്റി കുട്ടികൾക്ക് ഫർണീച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>ജി.ഡബ്യൂ.എൽ.പി.സ്കൂൾ<br>അടോട്ടുകയ |
| ചെലവ് തുക | 6,81,011/-രൂപ (വികസന ഫണ്ട്-ടി.എസ്.പി) |
| ബിൽ നമ്പർ, തീയതി | 06/18-19- 26-03-2019 |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0039/19 പ്രകാരം ഗ്രാമപഞ്ചായത്തിലെ പരിധിയിലുള്ള 8 സ്കൂളികളിലെ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 139 എസ്.റ്റി കുട്ടികൾക്ക് മേശയും, കസേരയും നൽകൽ പദ്ധതിക്കായി ട്രഷറി ബിൽ നം.06തിയ്യതി.26-03-2019 പ്രകാരം വികസന ഫണ്ടിൽ (ടി.സി.പി) നിന്നും, 6,81,011/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ആർട്ടിസാൻസ് വികസനകോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച്കൊണ്ട് ഇൻവോയ്സ് നമ്പർ NRO/SALES/876 തിയ്യതി 22-03-2019, ഇൻവോയ്സ് നമ്പർ NRO/SALES/877 തിയ്യതി 22-03-2019 എന്നിവ പ്രകാരം 139 വീതം സ്റ്റീൽ ടേമ്പിളും,

സ്റ്റീൽ കസേരയും (Armless) ആണ് വാങ്ങിയത്. കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.0822101011409). ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

പദ്ധതിയുടെ ഗുണഭോക്താക്കളായ 139 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പദ്ധതി അനുവദിക്കുന്നതിനുവേണ്ട ആവശ്യമായ രേഖകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) ഗ്രാമ വാർഡ് സഭ അംഗീകരിച്ച 8 സ്കൂളികളിലെ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 139 എസ്.റ്റി ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റും, പഞ്ചായത്ത് തീരുമാനനമ്പരും പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

2) പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 139 എസ്.റ്റി കുട്ടികളുടെ അപേക്ഷ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികവർഗ്ഗ വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൽ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മേശയും കസേരയും ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികവർഗ്ഗ വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

4) 139 ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളാണോ എന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

5) പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6) ജി.ഒ.(പി)നം.259/2010/തസ്വഭവ തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7)സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8) ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി,ലഭ്യമാക്കിയ മേശയും കസേരയും ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 6,81,011/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (19-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.19 )

## 1-22 പ്രൊജക്ട് നമ്പർ S0060/19 സ്കൂളുകൾക്ക് ഗണിത ലാബ് - അപാകത.

| | |
|---|---|
| പ്രോജക്ട് നം. | S0060/19 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകൾക്ക് ഗണിത ലാബ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>ജി.ഡബ്യൂ.എൽ.പി.സ്കൂൾ<br>അടോട്ടുകയ |
| ചെലവ് തുക | 90,000/-രൂപ (തനത് ഫണ്ട്)<br>45,000/-രൂപ (തനത് ഫണ്ട്) |

| | |
|---|---|
| | ആകെ = 1,35,000/- |
| ചെക്ക് നമ്പർ, തീയതി | 8485660/22-03-2019 – 90,000/-രൂപ<br>8485650/07-03-2019 - 45,000/-രൂപ |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിലെ പരിധിയിലുള്ള 9 സ്കൂളുകളിൽ സ്കൂളുകൾക്ക് ഗണിത ലാബ് തുടങ്ങുന്നതിനു വേണ്ടി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിക്കായി ( പ്രൊജക്റ്റ് നമ്പർ -2S0060/19 ) ചെക്ക് നമ്പർ.8485660/22-03-2019–90,000/-രൂപയും, ചെക്ക് നമ്പർ. 8485650/07-03-2019 - 45,000/-രൂപയും കൂടി തനത് ഫണ്ടിൽ നിന്നും ആകെ1,35,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ നേരിട്ടാണ് ഗണിതലാബ് സാധനങ്ങൾ വാങ്ങിച്ചത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

ഗണിതലാബ് സാധനങ്ങൾ വാങ്ങിയ സ്കൂളുകൾ

| ക്രമ നം. | സ്കൂളിന്റെ പേര് | ചെലവഴിച്ച തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | GWLPS അടോട്ട്കയ | 15,000 | 520101029766555 |
| 2 | GLPS ചുള്ളിക്കര | 15,000 | 47022200043112 |
| 3 | GLPS പുഞ്ചക്കര | 15,000 | 47022200043069 |
| 4 | GTWLPSകുടുംബൂർ | 15,000 | 47022200017280 |
| 5 | ALPS കള്ളാർ | 15,000 | 520101029766474 |
| 6 | HFALPS രാജപുരം | 15,000 | 47022200043150 |
| 7 | HFHSS രാജപുരം | 15,000 | 32288276122 |
| 8 | GHSS കൊട്ടോടി | 15,000 | 47022200015286 |
| 9 | സെന്റ്.മേരീസ് AUPS മാലക്കല്ല് | 15,000 | 520101029766563 |
| ആകെ | | 1,35,000/- | |

പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) സ്കൂളുകളിലേക്ക് ഗണിത ലാബ് സാധനങ്ങൾ വാങ്ങുന്നതിനായി തിരഞ്ഞെടുത്തതിന്റെ മാനദണ്ഡവും, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഈ പദ്ധതിക്കു വേണ്ടിയുള്ള ക്വട്ടേഷൻ നോട്ടീസ്, ലഭിച്ച ക്വട്ടേഷനുകൾ, പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ക്വട്ടേഷനുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിക്കാതെ പർച്ചേസ് നേരിട്ട് നടത്തിയതിന് വിശദീകരണം ഹാജരാക്കിയിട്ടില്ല.

3) ചെലവ് തുകകൾ ബന്ധപ്പെട്ട സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുക ഉണ്ടായി. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഗണിത ലാബ് സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) ഈ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,35,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (19-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.17 )

## 1-23 സ്കൂളുകൾ (ഇംഗ്ലീഷ്,മലയാളം പത്രം)വയോജന ക്ലബ്ബുകൾ,യുവജനക്ലബ്ബുകൾ, ഘടക സ്ഥാപനങ്ങൾ എന്നിവയ്ക്ക് പത്രവിതരണം നൽകൽ- അപാകത.

| | |
|---|---|
| പ്രോജക്ട് നം. | SO038/19 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകൾ (ഇംഗ്ലീഷ്,മലയാളം പത്രം)വയോജന ക്ലബ്ബുകൾ, യുവജനക്ലബ്ബുകൾ, ഘടക സ്ഥാപനങ്ങൾ എന്നിവയ്ക്ക് പത്രവിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>ജി.ഡബ്യൂ.എൽ.പി.സ്കൂൾ<br>അടോട്ടുകയ |
| ചെലവ് തുക | 65,780/-രൂപ (തനത് ഫണ്ട്) |
| ചെക്ക് നമ്പർ, തീയതി | 07000045/ 31-03-2019 |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് നമ്പർ. SO038/19 പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 9 വിദ്യാലയങ്ങൾക്കും,16 ക്ലബ്ബുകൾക്കും മലയാളം പത്രം വിതരണം ചെയ്യുന്നതാണ് ഈ പ്രൊജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് ഒരു മാസത്തെ വരിസംഖ്യ 230/-രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും 65,780/-രൂപ പത്രഏജൻസികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകി കൊണ്ട് ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെടുന്ന താഴെപ്പറയുന്ന 9 സ്കൂളുകൾക്കും, 16 ക്ലബ്ബുകൾക്കും പത്രം വിതരണം ചെയ്യുകയുണ്ടായി.

<u>പത്രം വിതരണം ചെയ്ത സ്കൂളുകൾ - 9</u>

| ക്രമ നം | സ്കൂളിന്റെ പേര് | പത്രം | തുക | മാസം | ആകെ |
|---|---|---|---|---|---|
| 1 | GWLPS അടോട്ട്കയ | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| 2 | GLPS ചുള്ളിക്കര | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| 3 | GLPS പൂഞ്ചക്കര | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |

| | | | | | |
|---|---|---|---|---|---|
| 4 | GTWLPSകുട്ടംബൂർ | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| 5 | ALPS കള്ളാർ | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| 6 | HFALPS രാജപുരം | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| 7 | HFHSS രാജപുരം | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| 8 | GHSS കൊട്ടോടി | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| 9 | സെന്റ്.മേരീസ് AUPS മാലക്കല്ല് | മലയാള മനോരമ | 230 | 10 | 4,600 |
| | | രാഷ്ട്രദീപിക | 230 | 10 | |
| | | | | | 41,400 |

<u>പത്രം വിതരണം ചെയ്ത ക്ലബ്ബുകൾ - 16</u>

| ക്രമ നം | ക്ലബ്ബിന്റ പേര് | പത്രം | തുക | മാസം | ആകെ |
|---|---|---|---|---|---|
| 1 | പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് അഞ്ജനമുക്കട് | മലയാള മനോരമ | 230 | 11 | 2530 |
| 2 | നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പെരുമ്പള്ളി | മലയാള മനോരമ | 230 | 11 | 2530 |
| 3 | സഹൃദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കനീലടുക്കം | മലയാള മനോരമ | 230 | 6 | 1380 |
| 4 | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചേടികുണ്ട് | മലയാള മനോരമ | 230 | 6 | 1380 |
| 5 | എത്തനിക് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൂക്കന്നം | മലയാള മനോരമ | 230 | 6 | 1380 |
| 6 | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കപ്പള്ളി | മലയാള മനോരമ | 230 | 6 | 1380 |
| 7 | ഈഗിൾ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചെറുപനത്തടി | മലയാള മനോരമ | 230 | 6 | 1380 |
| 8 | ശ്രീഹരി ആർട്സ് & സ്പോർട്സ് ക്ലബ്ബ് അരിങ്കല്ല് | മലയാള മനോരമ | 230 | 6 | 1380 |

| | | | | | |
|---|---|---|---|---|---|
| 9 | പി.ഗോവിന്ദപിള്ള സ്മാരക വായനശാല പാലംകല്ല് | മലയാള മനോരമ | 230 | 6 | 1380 |
| 10 | കപ്പിത്താൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഇടക്കടവ് | മലയാള മനോരമ | 230 | 6 | 1380 |
| 11 | മൈത്രി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊല്ലംകോട് | മലയാള മനോരമ | 230 | 6 | 1380 |
| 12 | യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊട്ടോടി | മലയാള മനോരമ | 230 | 6 | 1380 |
| 13 | പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചുള്ളിക്കര | മലയാള മനോരമ | 230 | 6 | 1380 |
| 14 | ചത്രപതി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊട്ടോടി | മലയാള മനോരമ | 230 | 6 | 1380 |
| 15 | ഓർമ്മ വായനശാല വണ്ണാത്തിക്കാനം | മലയാള മനോരമ | 230 | 6 | 1380 |
| 16 | തേജസ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് അഞ്ജനമുക്കട് | മലയാള മനോരമ | 230 | 6 | 1380 |
| | | | | | 24380 |
| ആകെ 65,780/-രൂപ | | | | | |

ഈ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു .

1) വിദ്യാലയങ്ങൾക്ക് 2,300/- രൂപ വാർഷിക വരിസംഖ്യാ നിരക്കിൽ 180 കോപ്പി ദിനപത്രം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന 2 സ്കൂളുകൾ പത്രം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

* GTWLPSകുടുംബൂർ - മലയാളം ദിനപത്രം രസീതി

* HFALPS രാജപുരം - ദീപിക ദിനപത്രം രസീതി

മേൽ പറഞ്ഞ 2 സ്കൂളുകൾക്ക് ദിനപത്രം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ക്ലബ്ബുകൾക്ക് 2,300/- രൂപ വാർഷിക വരിസംഖ്യാ നിരക്കിൽ 106 കോപ്പി ദിനപത്രം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന 7 ക്ലബ്ബുകൾ പത്രം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

* യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊട്ടോടി

* മൈത്രി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊല്ലംകോട്

* കപ്പിത്താൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഇടക്കടവ്

* ഈഗിൾ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചെറുപനത്തടി

* കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കപ്പള്ളി

* എത്തനിക് ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൂക്കന്നം

* കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചേടിക്കുണ്ട്

മേൽ പറഞ്ഞ 7 ക്ലബ്ബുകൾ ദിനപത്രം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) സ്കൂളുകൾക്കും, ക്ലബ്ബുകൾക്കും പത്രങ്ങൾ വാങ്ങുന്നതിനായി തിരഞ്ഞെടുത്തതിന്റെ മാനദണ്ഡവും, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 65,780/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (19-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.16 )

## 1-24 SSA പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നം. | 37/2019 – എസ്.എസ് എ വിഹിതം |
| ബിൽ നം.<br><br>ബിൽ നം | 02/18-19 തീയ്യതി 20-07-2018,- 2,00,000/-<br><br>(വികസന ഫണ്ട് ,ജനറൽ)<br><br>03/18-19 തീയ്യതി 16-01-2019, - 3,42,086/-<br><br>(വികസന ഫണ്ട് ,ജനറൽ)<br><br>ആകെ = 5,42,086/- |

ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പ്രൊജക്ട് തദ്ദേശ സ്വയംഭരണ ഭരണ സമിതി അംഗീകരിക്കണം എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി പിൻവലിച്ച 5,42,086/- രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (16-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 )

## 1-25 പ്രോജക്ട് നമ്പർ.S00266/19- വയോജനങ്ങൾക്ക് കട്ടിൽ-(പട്ടിക വർഗ്ഗം) അപാകത

| | |
|---|---|
| പ്രോജക്ട് നം. | S00266/19 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ-പട്ടിക വർഗ്ഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എെ.സി.ഡി.എസ് സൂപ്പർവൈസർ<br><br>കള്ളാർ ഗ്രാമപഞ്ചായത്ത് |
| ചെലവ് തുക | 80,000/-രൂപ (വികസന ഫണ്ട് -എസ്.സി.പി)<br><br>1,75,000/-രൂപ (വികസന ഫണ്ട് -ടി.എസ്.പി) |
| | ആകെ = 2,55,000/- |

| | |
|---|---|
| ബിൽ നമ്പർ, തീയതി | 08/18-19 / 10-07-2018 - 1,75,000/-<br>13/18-19 / 18-08-2018 - 80,000/- |

വയോജനങ്ങൾക്ക് കട്ടിൽ (പട്ടിക വർഗ്ഗം) എന്ന പദ്ധതിക്കായി 80,000/-രൂപയും (എസ്.സി.പി. ഫണ്ട്),1,75,000/- രൂപയും (റ്റി.എസ്.പി. ഫണ്ട്) കൂടി ആകെ 2,55,000/- രൂപയാണ് വകയിരുത്തിയത്. 261 പേർക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ടെണ്ടർ നടപടി ക്രമങ്ങളിലൂടെ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. ഒരു കട്ടിലിന് 3,939/- നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചത്. 2018-19 വർഷത്തിൽ 2,55,000/- രൂപയുടെ ചെലവാണുണ്ടായത്. ബാക്കി തുകക്കുള്ള ഫണ്ടിന്റെ അപര്യാപ്തത കാരണം 2019-20 വർഷത്തിലാണ് കട്ടിലുകളും(80) അനുവദിച്ചത്. ഇത് പ്രകാരം 100 കട്ടിലുകളാണ് വിതരണക്കാരൻ നൽകിയത്. വിതരണത്തിനായി കൊണ്ടുവന്ന കട്ടിലുകളിൽ 100 എണ്ണവും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. രാജധാനി ഏജൻസീസ്,ചെർപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.C 15 /05-06-2018 പ്രകാരം ആകെ 100 കട്ടിൽ വിതരണം ചെയ്യുകയും ഒരു കട്ടിൽ 3,939/-രൂപ പ്രകാരം ആകെ 2,55,000/- രൂപ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.67307554364 ) ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1) ജി.ഒ.(പി)നം.259/2010/തസ്വഭവ തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പ വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും ഒരു മലയാള ദിനപ്പത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഇത് പാലിക്കാതെയാണ് വാങ്ങൽ പ്രവർത്തി നടത്തിയിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരാണ് എന്ന തെളിയിക്കുന്ന രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ (GO(MS)No:80/2017/LSGD/03.04.2017) ഖ:20 ൽ ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അർഹത മാനദണ്ഡങ്ങൾ (പ്രായം,ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ) ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

i) നാരായണിഭാഗി s/o അപ്പാണുനായ്ക്ക്, പെരിങ്കയ, മാലക്കല്ല്.(ഗുണഭോക്തൃലിസ്റ്റ് നം. 246)

ii) കമ്മാടത്തു, ഒന്നാംമൈൽ, രാജപുരം.(ഗുണഭോക്തൃലിസ്റ്റ് നം. 95)

iii) ജാനകി w/o എെത്തുനായ്ക്ക്, പറക്കയം, മാലക്കല്ല് .

3) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

4) ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ഭരണസമിതി ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ കട്ടിൽ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6) പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.

7) പദ്ധതിക്കുവേണ്ടി വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് ബുക്കിൽ ചേർത്ത് ഗുണഭോക്താക്കൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,55,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (17-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.7)

### 1-26 ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം -അപാകത

| | |
|---|---|
| പ്രോജക്ട് നം. | S0027/19 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>കള്ളാർ ഗ്രാമപഞ്ചായത്ത് |
| ചെലവ് തുക | 47,128/-രൂപ (തനത് ഫണ്ട്) |
| ചെക്ക് നമ്പർ, തീയതി | 6554884<br>27-03-2019 |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 27/19 പ്രകാരം ഗ്രാമപഞ്ചായത്തിലെ ചാച്ചാജി ബഡ്സ്സ്കൂളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി 2019 മാർച്ച് 18 മുതൽ 29 വരെ കുടനിർമ്മാണം പരിശീലനം നൽകുന്നതാണ് ഈ പ്രൊജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് ബഡ്സ്സ്കൂളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥികൾക്ക് കുട നിർമ്മാണം പരിശീലനം നൽകുന്നതിന്റെ ഭാഗമായി രണ്ട് പരിശീലകർക്ക് ഒരു ദിവസം 1000/-രൂപ നിരക്കിൽ 10 ദിവസത്തേക്ക് 10,000/-രൂപ നൽകുന്നതിനും, കുട നിർമ്മാണ പരിശീലനത്തിന് ആവശ്യമായ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് മൽസരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വട്ട് ചെയ്ത ലാലാ എന്റർപ്രൈസസ് കോഴിക്കോടിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ഈ പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 47,128/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ ചെലവ് ചെയ്തിട്ടുണ്ട്. തുക ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.520101029820363)ഇതനുസരിച്ച് ലാലാ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ.L531തീയ്യതി.2103-2019 പ്രകാരം 37,128/- രൂപയുടെ 3 FOLD UMBRELLA KIT HAPPY COLOUR സാധന സാമഗ്രികൾ വിതരണം ചെയ്യ്തിട്ടുണ്ട്.

<u>ഈ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.</u>

1. കുട നിർമ്മാണം പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ എത്ര വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി എന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. തൊഴിൽ പരിശീലനത്തിനായി നിയമിച്ച തൊഴിൽ പരിശീലകരുടെ യോഗ്യത സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. തൊഴിൽ പരിശീലകരെ നിയമിച്ചുകൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ മിനുട്സ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. തൊഴിൽ പരിശീലകരും, ലാലാ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനവും പദ്ധതിക്കുവേണ്ടി തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, രണസമിതി ക്വട്ടേഷൻ അംഗീകരിച്ചത്, സ്പെസിഫിക്കേഷൻ പരിശോധിച്ചത്, ഭരണസമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക47,128/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (17-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.8 )

### 1-27 പ്രോജക്ട് നമ്പർ.S0023/19-ബാലസഭപ്രവർത്തനം -അപാകത.

| | |
|---|---|
| പ്രോജക്ട് നം. | S0023/19 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബാലസഭ പ്രവർത്തനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എെ.സി.ഡി.എസ് സൂപ്പർവൈസർ<br>കള്ളാർ ഗ്രാമപഞ്ചായത്ത് |
| ചെലവ് തുക | 10,000/-രൂപ (തനത് ഫണ്ട്) |
| ചെക്ക് നമ്പർ, തീയതി | 8485640/ 06-02-2019 |

ഗ്രാമ പഞ്ചായത്തിലെ 5 നം 18 നം ഇടയിൽ പ്രായമുള്ള കുട്ടികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 10,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ ചെലവ് ചെയ്തിട്ടുണ്ട്. തുക സി.ഡി.എസ്.ചെയർപേഴ്സൺ ശ്രീമതി.മോഹിനി.കെ യുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.47022200084394/ Rs.10,000 ) 29-12-2018 ന് കള്ളാർ ഗ്രാമ പഞ്ചായത്ത് ഹാളിൽ ചേർന്ന ബാലസഭപ്രവർത്തനം നടത്തുന്നതിനുവേണ്ടി താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട് ആയതിന്റെ വിവരങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | സ്ഥാപനം/ബിൽ നമ്പർ,തീയ്യതി | തുക |
|---|---|---|---|
| 1 | ബാനർ | ക്യൂറിക്സ് പ്രിന്റ്, മാലക്കല്ല്<br>ബിൽ നമ്പർ-ഇല്ല/2-1-2019 | 650 |
| 2 | സ്റ്റേഷനറി | ഹോംസെന്റർ കള്ളാർ<br>ബിൽ നമ്പർ.125/4-1-2019 | 530 |
| 3 | ഭക്ഷണ ചെലവ് | ഹോട്ടൽ പാരഡൈസ്, കള്ളാർ<br>ബിൽ നമ്പർ.421/29-12-2018 | 7,125 |
| 4 | ഫോട്ടോ | ന്യൂ ഫോക്കസ്, കള്ളാർ<br>ബിൽ നമ്പർ.04/15-01-2019 | 250 |
| 5 | ക്ലാസ്സ് എടുത്തതിനുള്ള വേതനം | ബാലചന്ദ്രൻ കൊട്ടോടി | 1,500 |
| ആകെ | | | 10.055 |

ഈ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1) മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് തുക നൽകിയത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല (തുക നൽകിയത് ചെക്കായിട്ടാണോ/ക്യാഷ് ആയിട്ടാണോ എന്നത് സംബന്ധിച്ച് ) ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) മേൽപറഞ്ഞ ക്രമ നമ്പർ ഒന്ന് മുതൽ നാല് വരെയുള്ള സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 10,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (17-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.9)

### 1-28 അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച്

കള്ളാർ ഗ്രാമ പഞ്ചായത്തിൽ ആകെ 21അംഗൻവാടികളാണുള്ളത് ഇവയിൽ 21 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ട്.

എല്ലാത്തിനും ടോയ്ലറ്റ് സൗകര്യമുണ്ട്. ആകെയുള്ള 21 അങ്കണവാടികളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വയറിങ്ങ് കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്തവ, കെട്ടിടമുള്ളവയിൽ ചുറ്റുമതിൽ ഇല്ലാത്തവ, എന്നിവ ഏർപ്പെടുത്തുവാൻ അവശേഷിക്കുന്നതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ ഭരണ സമിതിയുടെ അടിയന്തിരശ്രദ്ധയിലേയ്ക്കായി ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഇനം | എണ്ണം |
|---|---|---|
| 1 | കുടിവെള്ള സൗകര്യമില്ലാത്തവ | 7 |
| 2 | വയറിങ്ങ് കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്തവ | 2 |
| 3 | സ്വന്തമായി കെട്ടിടമുള്ളവയിൽ ചുറ്റുമതിൽ ഇല്ലാത്തവ | 1 |
| 4 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | 1 |

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുകയും ചെയ്യുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22.03.2011).മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റിനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ സെന്റർ നം 77, പേരടുക്കം അംഗൻവാടി അൺഫിറ്റായതിനാൽ നിലവിൽ ഇത് കൊട്ടോടി സ്കൂളിലാണ് പ്രവർത്തിച്ചു വരുന്നത് എന്ന് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. സെന്റർ നം 84 കപ്പള്ളി അംഗൻവാടിയുടെ ചുറ്റുമതിൽ ഇടിഞ്ഞ് വീണതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. അൺഫിറ്റായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത് അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ചവയിൽ വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവയുടെ കാര്യത്തിൽ ആയത് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും, മറ്റുള്ള അടിസ്ഥാന സൗകര്യങ്ങൾ വരും വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടികളിൽ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കള്ളാർ ഗ്രാമ പഞ്ചായത്തിലെ 21 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ഓജസ് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് ഒഴിഞ്ഞവളപ്പ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ എെ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 8,355കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 6,14,093/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ എെ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (16-08-2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.4 )

## 1-30 TR 7 A മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ എെ.സി.ഡി.എസ് സൂപ്പർവൈസർ, ഹെഡ്മാസ്റ്റർ, ജി.ഡബ്യൂ.എൽ.പി.സ്കൂൾ അടോട്ടുകയ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലല്ല. 12.04.2006 ലെ ജി.ഒ(പി) നം. 177/2006/ധന ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ്-ചെലവ് വിവരം രേഖപ്പെടുത്തേണ്ടത് TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ്. സർക്കാർ നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം.11,തീയ്യതി 17-08-2019,ICDS സൂപ്പർവൈസർ,ഓഡിറ്റ് എൻക്വയറി നം.18 തീയ്യതി 19-08-2019.ഹെഡ്മാസ്റ്റർ )

## 1-31 ആയുർവ്വേദ മരുന്നുകൾ വാങ്ങാൻ പണം മുൻകൂറായി അടച്ചു-മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| ബിൽ നമ്പർ | 1/2018-19 തിയ്യതി 23/08/2018 |
| പ്രൊജക്ട് നമ്പർ | 36/2018-19 |
| പ്രൊജക്ട് | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട് ഇനം | മെയിൻറനൻസ് ഫണ്ട് -നോൺ റോഡ് |
| അടങ്കൽ തുക | 8,00,000രൂപ |
| ചെലവ് തുക | 8,00,000രൂപ |

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഗവ.ആയുർവ്വേദ ആശുപത്രി കൊട്ടോടിക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധി,ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് നി.ഉ. ആയ മെഡിക്കൽ ഓഫിസർ,ആയുർവ്വേദം 8,00,000/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.

ഈ തുക 23.08.2018 ന് ഔഷധി, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിൻെറ അക്കൗണ്ടിലേക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയി വരെ ഔഷധി, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് തൃശ്ശൂർ എന്ന സ്ഥാപനം, ഗവ. ആയുർവ്വേദ ആശുപത്രി കൊട്ടോടിക്ക് 7,92,543/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 7457/-രൂപയുടെ മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ തുക ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. എത്രയും പെട്ടെന്ന് ബാക്കി മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-32 തുക കൈപ്പറ്റിയിട്ടും പ്രിൻറർ ലഭിച്ചിട്ടില്ല ,10872 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ മൃഗസംരക്ഷണം |
| ബിൽ നമ്പർ | 9/2018-19 തിയ്യതി 13/01/2019 |
| പ്രൊജക്ട് നമ്പർ | 296/2018-19 |
| പ്രൊജക്ട് | മൃഗാസ്പത്രിക്ക് യു.പി.എസ്, പ്രിൻറർ എന്നിവ വാങ്ങൽ |
| ഫണ്ട് ഇനം | വികസന ഫണ്ട് |
| അടങ്കൽ തുക | 14437 രൂപ |
| ചെലവ് തുക | 14437 രൂപ |

ഗ്രാമ പഞ്ചായത്തിലെ രാജപുരം മൃഗാസ്പത്രിക്ക് യു.പി.എസ്, പ്രിൻറർ എന്നിവ വാങ്ങുന്നതിനാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്.പ്രൊജക്ട് നടപ്പിലാക്കുന്നതിനായി മെഡിക്കൽ ഓഫീസർ 14437 രൂപ കെൽട്രോൺ ഐ.ടി.ബിസിനസ് ഗ്രൂപ്പ്, കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മേൽ സൂചിത ബിൽ പ്രകാരം മുൻകൂറായി 14437 രൂപ സ്ഥാപനത്തിൻെറ അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നമ്പർ . 799011400003959) പ്രൊജക്ട് പ്രകാരം നൽകിയ തുകയ്ക്ക് യു.പി.എസ്, പ്രിൻറർ എന്നിവയാണ്

ലഭ്യമാക്കേണ്ടതെങ്കിലും 3565രൂപ വിലയുള്ള യു.പി.എസ്, മാത്രമാണ് ലഭ്യമായിട്ടുള്ളത്. 10872 രൂപ വിലയുള്ള പ്രിൻറർ ഇതുവരെ ലഭ്യമായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ . 03/2018-19, തിയ്യതി.14/08/2019) മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രിന്റർ ലഭ്യമാക്കാത്തതിനാൽ മേൽ ഇനത്തിലുള്ള ചെലവ് തുകയായ 10872 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-33 സായം പ്രഭ ഹോം - പദ്ധതി 2,80,000 രൂപ ചെലവഴിച്ചിട്ടില്ല.

കാസറഗേഡ് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 29/10/2018 ലെ ഡി എസ് ജെ ഒ /കെ എസ് ഡി / സി *856/*17 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന് 2,80,000 രൂപ അനുവദിച്ചിട്ടുണ്ട്. 60 വയസ്സിനു മുകളിലുള്ള വയോജനങ്ങൾക്ക് വേണ്ടി, തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൌകര്യങ്ങളൊരുക്കി സായം പ്രഭാ കേന്ദ്രങ്ങളായി ഉയർത്തുന്നതിനു വേണ്ടിയാണ് തുക അനുവദിച്ചിട്ടുള്ളത്. 19/12/2018-ലെ ബിൽ നമ്പർ 18/2018-19 പ്രകാരം 2,80,000 രൂപ മാലക്കല്ല് സബ് ട്രഷറിയിൽ നിന്നും പിൻവലിച്ചു. 20/12/2018ന് മേൽ തുക കോർപ്പറേഷൻ ബാങ്കിന്റെ മാലക്കല്ല് ശാഖയിലെ സെക്രട്ടറിയുടേയും ഐ.സി.ഡി.എസ്.സൂപ്പർവൈസറുടേയും ജോയിന്റ് അക്കൌണ്ടിൽ (നമ്പർ.510101006676603) നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ നാളിതുവരെ 2,80,000 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടില്ല. മേൽ തുക പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-34 കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ

ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപെട്ടിട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന തൈകൾ,നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ, കൂലി ചെലവ് നല്കുന്നപദ്ധതികൾ എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി വിത്ത്, വളം, കീടനാശിനി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, തുടങ്ങിയ വൈവിദ്യമാർന്ന പദ്ധതികൾക്ക് പ്രാധാന്യം നല്കി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-35 പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല

2018-19 വർഷത്തിൽ കൃഷി ഓഫീസർ 8 പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല.പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള പദ്ധതി- റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകതകൾ- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രവൃത്തി- ARWSS-കൊട്ടോടി നാണംകുടൽ എസ്.ടി കോളനി കുടിവെള്ള പദ്ധതി

ഫണ്ട്- ARWSS

ചെലവ്- ചെക്ക് നം 7872356/29.11.2018- 12,62,934 രൂപ

ARWSS പദ്ധതിയിൽ പെട്ടത്തി പഞ്ചായത്തിലെ കൊട്ടോടി നാണംകുടൽ എസ്.ടി കോളനിയിൽ 12,62,934 രൂപ ചെലവിൽ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തുറന്ന കിണർ, പമ്പ് ഹൗസ്, വിതരണ പൈപ്പ് ലൈൻ, വാട്ടർ ടാങ്ക് എന്നീ ഘടകങ്ങൾ ഉൾപ്പെട്ട ഈ പദ്ധതി ഇ-ടെണ്ടർ മുഖേന രജിത്ത്.കെ എന്ന കരാറുകാരനാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 2014 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കുകളും 36.19% കോസ്റ്റ് ഇന്റക്സും അടിസ്ഥാനമാക്കിയാണ്. (എസ്റ്റിമേറ്റ് നം 2016/8076- പ്രൈസ് സോഫ്റ്റ് വെയർ).

തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 09.03.2018 ലെ 10/18 നമ്പർ തീരുമാന പ്രകാരം ഈ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിലെ ചില ഇനങ്ങൾ ഒഴിവാക്കിക്കൊണ്ടും 12 അധിക ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 01/08/2018 ൽ 90701/17-18 എന്ന നമ്പരിൽ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ, റിവൈസ്ഡ് എസ്റ്റിമേറ്റിലെ 12 അധിക ഇനങ്ങളുടെ നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് 2016 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കുകൾ അടിസ്ഥാനപ്പെടുത്തിയാണെന്ന് കാണുന്നു. 2014 ലെ ഷെഡ്യൂൾ നിരക്കുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അധിക ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ, അധിക ഇനങ്ങളുടെ നിരക്കുകളും 2014 ലെ ഷെഡ്യൂൾ നിരക്കുകൾ അടിസ്ഥാനമാക്കി മാത്രമേ കണക്കാക്കാനാവൂ. ഇത് ശ്രദ്ധിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ചുവടെ കണക്കാക്കുന്നു.

| റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം നമ്പർ | DSR കോഡ് | പ്രവൃത്തി വിശദാംശം | അനുവദിച്ച നിരക്ക് (2016 ലെ നിരക്ക്) കോസ്റ്റ് ഇന്റക്സ്- 36.19% | | അനുവദനീയമായ നിരക്ക് (2014 ലെ നിരക്ക്) കോസ്റ്റ് ഇന്റക്സ്- 36.19% | |
|---|---|---|---|---|---|---|
| | | | എസ്റ്റിമേറ്റ് | 6.40% കുറവ് നിരക്കിൽ | | 6.40% കുറവ് നിരക്കിൽ |
| അധിക ഇനം നം-1 | OD | Earthwork Excavation Ordinary Rock | 728.51/cum | 851.41/cum * | 672.02/cum | 629.01/cum |
| അധിക ഇനം നം-2 | 2.7 | Earthwork Excavation- Hard rock- require blasting- IV th depth- 6.00 to 7.5 m | 535.63/cum | 501.35/cum | 569.47/cum | 533.02/cum |
| അധിക ഇനം നം-3 | 2.7 | Earthwork Excavation- Hard rock- require blasting- V th depth- 7.50 to 9.00 m | 749.88/cum | 701.89/cum | 687.22/cum | 643.23/cum |
| അധിക ഇനം നം-4 | 60.7.8 | DR masonry- with departmental rubble | 974.41/cum | 912.05/cum | 869.23/cum | 813.60/cum |
| അധിക ഇനം നം-5 | 60.2.2 | Bailing out of water 5HP engine | 256.94/hour | 238.65/hour | 259.30/hour | 242.70/hour |
| അധിക ഇനം നം-6 | 5.9.3 | Centering and shuttering | 575.13/sqm | 538.33/sqm | 547/sqm | 512/sqm |
| അധിക ഇനം നം-7 | 13.7.2 | 12 mm cement plastering 1:4 | 291.74/sqm | 273.07/sqm | 276.8/sqm | 259.08/sqm |

| | | | | | | |
|---|---|---|---|---|---|---|
| അധിക ഇനം നം-8 | 9.48.2 | Providing and fixing MS grill | 153.14/kg | 143.34/kg | 159.20/kg | 149.01/kg |
| അധിക ഇനം നം-9 | 50.18.9.6.2 | Providing and fixing PVC pipes<br>50mm dia 6kgf/sq.cm | 217.52/m | 203.6/m | 206.05/m | 192.86/m |
| അധിക ഇനം നം-10 | 18.54.4 | PTMT bibcock | 154.92/e | 145.01/e | 252/e | 235.87/e |
| അധിക ഇനം നം-11 | 18.18 | PVC ball valve | 391.23/e | 366.2/e | 392.90/e | 367.05/e |
| അധിക ഇനം നം-12 | 4.1.3 | CC 1:2:4, 20mm | 7465.90/cum | 6988.09/cum | 7444.55/cum | 6968.09/cum |

അധിക ഇനങ്ങൾക്ക് 2016 ലെ നിരക്ക് കണക്കാക്കിയതിനാൽ ചില ഇനങ്ങൾക്ക് നിരക്ക് അധികവും ചില ഇനങ്ങൾക്ക് കുറവും വന്നതായി കാണാം. അധിക നിരക്കും കുറവ് നിരക്കും തട്ടിക്കിഴിച്ച് പഞ്ചായത്തിന് സംഭവിച്ചിട്ടുള്ള നെറ്റ് നഷ്ടം ചുവടെ കണക്കാക്കുന്നു.

| ഇനം | അനുവദിച്ചിട്ടുള്ള മൂല്യം | അനുവദനീയമായ മൂല്യം | | | അധികം |
|---|---|---|---|---|---|
| | | ചെയ്ത അളവ് | അനുവദനീയമായ നിരക്ക് | അനുവദനീയമായ മൂല്യം | |
| അധിക ഇനം നം-1 | 29577.98 | 34.74 cum | 629.01/cum | 21851.80 | 7726.18 |
| അധിക ഇനം നം-2 | 23914.40 | 47.70 cum | 533.02/cum | 25425.05 | (-)1510.65 |
| അധിക ഇനം നം-3 | 14908.14 | 21.24 cum | 643.23/cum | 13662.20 | 1245.93 |
| അധിക ഇനം നം-4 | 25573.88 | 28.04 cum | 813.60/cum | 22813.34 | 2760.53 |
| അധിക ഇനം നം-5 | 15273.6 | 64 hours | 242.70/hour | 15532.8 | (-)259.20 |
| അധിക ഇനം നം-6 | 2885.45 | 5.36 sqm | 512/sqm | 2744.32 | 141.13 |
| അധിക ഇനം നം-7 | 699.06 | 2.56 sqm | 259.08/sqm | 663.24 | 35.81 |
| അധിക ഇനം നം-8 | 2568.65 | 17.92 kg | 149.01/kg | 2670.25 | (-)101.60 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| അധിക ഇനം നം-9 | 104548.60 | 513.5 m | 192.86/m | 99033.61 | 5514.99 |
| അധിക ഇനം നം-10 | 6090.42 | 42 nos | 235.87/e | 9906.54 | (-)3816.12 |
| അധിക ഇനം നം-11 | 366.20 | 1 no. | 367.05/e | 367.05 | (-)0.85 |
| അധിക ഇനം നം-12 | 11886.74 | 1.701cum | 6968.09/cum | 11852.72 | 34.01 |
| | | | | | 11,769.29 say Rs. 11,769 |

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1, തിയതി 16.08.2019) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് വ്യക്തമായ നഷ്ടം നേരിട്ടു എന്ന് ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. ഈ നഷ്ടം പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യ നിരക്കിൽ ഈടാക്കേണ്ടതാണ്.

### 3-2 കപ്പള്ളി അങ്കണവാടിക്ക് പാർശ്വഭിത്തി നിർമാണം- ക്വട്ടേഷൻ നിരക്ക് കിഴിക്കാത്തതിനാൽ നഷ്ടം

പ്രോജക്ട് നം 141/18-കപ്പള്ളി അങ്കണവാടിക്ക് പാർശ്വ ഭിത്തി നിർമാണം

ഫണ്ട്- 204697- തനതു ഫണ്ട്

295303- മെയിന്റനൻസ് ഫണ്ട്-നോൺറോഡ്

ചെലവ്- ചെക്ക് നം 8485643/31.01.2019- 4,89,756 രൂപ

ഈ പ്രവൃത്തി ടെണ്ടർ/റീടെണ്ടർ എന്നിവയിൽ ആരും ഏറ്റെടുക്കാതെ വന്നതിനെത്തുടർന്ന് 13.02.2017 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ഈ പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും 1.37% കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സുരേഷ് കുമാറിന്റെ ക്വട്ടേഷൻ പഞ്ചായത്ത് ഭരണ സമിതിയുടെ 28.02.2017 ലെ 01/2017 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ നം 56/16-17, തിയതി 17.03.2017 പ്രകാരം 4,89,756 രൂപയുടെ പ്രവൃത്തി കരാറുകാരൻ പൂർത്തിയാക്കുകയും ചെക്ക് നം 8485643/31.01.2019 പ്രകാരം നികുതികളും ക്ഷേമനിധികളും അടക്കം 4,89,756 രൂപ ഈ പ്രവൃത്തിക്കായി പഞ്ചായത്ത് ചെലവു ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ അദ്ദേഹം ക്വാട്ട് ചെയ്ത നിരക്കായ 1.37% കുറവ് പ്രവൃത്തി മൂല്യത്തിൽ നിന്നും കുറവു ചെയ്തിട്ടില്ല. ഈ നിരക്ക് കുറവു ചെയ്തിരുന്നെങ്കിൽ 4,83,046 രൂപ മാത്രമേ പഞ്ചായത്തിന് ഈ പ്രവൃത്തിക്ക് വേണ്ടി വഹിക്കേണ്ടി വരുമായിരുന്നുള്ളൂ. ക്വട്ടേഷൻ നിരക്ക് കുറക്കാത്തതിനാൽ 6,710 രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2, തിയതി 16.08.2019) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ബിൽ തുക തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 28-06-2019 മുതൽ 29-06-2019 വരെ | കെ.എസ്.എ.കെ.എസ് ഡി-3/787/2019<br>തീയ്യതി 06-08-2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 2018-19 | 2,00,000 | പാലിയേറ്റീവ് കെയർ | 2,00,000 | - |
| | 2018-19 | 9,82,819 | ലൈഫ് ഭവന പദ്ധതി- ജനറൽ | 9,82,819 | - |
| | 2018-19 | 78,125 | ലൈഫ് ഭവന പദ്ധതി- എസ്.സി.പി | - | 78,125 |
| | 2018-19 | 5,55,565 | ലൈഫ് ഭവന പദ്ധതി- ടി.എസ്.പി | 5,55,565 | - |
| | 2018-19 | 4,00,000 | പാലിന് സബ്സിഡി | 3,99,927 | 73 |
| | 2018-18 | 1,00,000 | അഗതിരഹിത കേരളം | - | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് | 2018-19 | 12,98,525 | ലൈഫ് ഭവന പദ്ധതി-ടി.എസ്.പി | 12,98,525 | - |
| | 2018-19 | 2,14,400 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി | 1,14,400 | 1,00,000 |
| | | 12,13,479 | ലൈഫ് ഭവന പദ്ധതി- ജനറൽ | 12,13,479 | -- |
| | 2018-19 | 2,50,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ് | 2,50,000 | - |
| | 2018-19 | 2,38,000 | പച്ചക്കറി കൃഷി വികസനം | 2,34,600 | 3,400 |
| | 2018-19 | 1,91,420 | പാലിന് സബ്സിഡി | 1,91,420 | - |
| | 2018-19 | 15,000 | എലി നശീകരണം | 15,000 | - |
| | 2018-19 | 85,000 | നെൽകൃഷി വികസനം | 85,000 | - |
| മാതൃ ശിശു വികസന വകുപ്പ് | 2018-19 | 12,000 | ശിശു സൗഹൃദ ശൗചാലയം | - | 12,000 |

| | | | | | |
|---|---|---|---|---|---|
| | | | | | |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ - ഇല്ല

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകകളൊന്നും നൽകിയിട്ടില്ല. വർഷാവസാനം ക്രമീകരിക്കാൻ ബാക്കിയുള്ള മൊബിലൈസേഷൻ അഡ്വാൻസുകൾ ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം എടുത്ത വായ്പയുടെയും അതിന്റെ തിരിച്ചടവ്, വർഷാവസാന ബാദ്ധ്യത എന്നിവയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശം | ഉത്തരവ് നം, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/തസ്വഭവ, തിയതി 18.05.2018 | 1,75,05,000 | 0 | 0 | 0 | 1,75,05,000 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കള്ളാർ ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2.4 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി റിട്ടേൺ -അപാകത | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| അവലോകന റിപ്പോർട്ട് | 3.4 | 2012-13 | 3.4.5.1, 3.4.5.2 3.4.5.3 3.4.5.4 3.4.5.5 3.4.5.8 | തൊഴിലുറപ്പ് പദ്ധതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -

2012-13,13-14 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരം ശ്രീ.ജയരാജ്.കെ.വി (വി.ഇ.ഒ) ക്ക് 1,00,000 രൂപയുടെ ബാദ്ധ്യത ചുമത്തിയിരുന്നു. അതിൽ 50,000 രൂപ 04.12.2015 ന് അടച്ചിട്ടുണ്ട്. എന്നാൽ ബാക്കി 50,000 രൂപ അടക്കാത്തതിനെത്തുടർന്ന് 22.11.2017ൽ KSA-15949/Spl.Cell/CSC/C2/15, Dt.02.02.2016 പ്രകാരം സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഈടാക്കിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2012-13, 2013-14 | 3-1 | ജയരാജ്. കെ.വി (വി.ഇ.ഒ.) | KSA-15949/ Spl.Cell/CSC /C2/15, Dt.22.11.2017 | ₹50,000 | 40,000 (118030500003/ 17.05.2018) 10,000 (118030100568/ 17.05.2018) | - | - | - | | - | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,00,03,408 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,93,04,462 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,479 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,12,836 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,884 | രാജേഷ്.എ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1 | | 5,885 | കെ.എം.കുഞ്ഞുമോൻ, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | | 6,710 | രാജേഷ്.എ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 18,479 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,50,828 | പുന്നൂസ് മാത്യൂ, പ്രധാനാധ്യാപകൻ |
| 1-20 | 49,760 | പുന്നൂസ് മാത്യൂ, പ്രധാനാധ്യാപകൻ |
| 1-21 | 6,81,011 | പുന്നൂസ് മാത്യൂ, പ്രധാനാധ്യാപകൻ |
| 1-22 | 1,35,000 | പുന്നൂസ് മാത്യൂ, പ്രധാനാധ്യാപകൻ |
| 1-23 | 65,780 | പുന്നൂസ് മാത്യൂ, പ്രധാനാധ്യാപകൻ |
| 1-25 | 2,55,000 | ശരണ്യ വേണു,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-26 | 47,128 | ശരണ്യ വേണു,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 10,000 | ശരണ്യ വേണു,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-31 | 7,457 | ഡോ.ഉഷ.സി,മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-32 | 10,872 | ഡോ.മുരളീധരൻ, വെറ്റിനറി സർജ്ജൻ |
| ആകെ | 14,12,836 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ്.എ.കെ, അസിസ്റ്റന്റ് | | |

| | | |
|---|---|---|
| എഞ്ചിനിയർ | | |
| കെ.എം.കുഞ്ഞുമോൻ,<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | വിരമിച്ചു | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-2003 | നം.എൽ.എഫ്.കെ.എസ്.ഡി.3 47/10 തിയതി 10-06-2010 | 2 |
| 2003-2004 | നം.എൽ.എഫ്.കെ.എസ്.ഡി. 3 /48/ 2010. തിയതി 04-06-2010 | 3 |
| 2004-2005 | നം.എൽ.എഫ്.കെ.എസ്.ഡി.3 /206/ 2010തിയതി19-03-2011 | 5 |
| 2005-2006 | നം.എൽ.എഫ്.കെ.എസ്.ഡി. 3/212/ 2010 തിയതി.31-03-2011 | 6 |
| 2006-2007 | നം.എൽ.എഫ്.കെ.എസ്.ഡി.3 /406/2012തിയതി.09-08-2012 | 7 |
| 2007-2008 | നം.എൽ.എഫ്.കെ.എസ്.ഡി.3 /407/2012തിയതി.09-08-2012 | 6 |
| 2008-09 & 2009-10 | നം.എൽ.എഫ്.കെ.എസ്.ഡി.3 /903/ 2012തിയതി.12-12-2012 | 20 |
| 2010-11 & 2011-12 | ന.എൽ.എഫ്. കെ.എസ്.ഡി. 7 /1323 /2014 തിയതി.06-03-2015 | 20 |
| 2012-13 & 2013-14 | ന.എൽ..എഫ്.കെ.എസ്.ഡി. 7 /270 /2015 തിയതി. 08-07-2015 | 11 |
| 2014-15 | ന.കെ.എസ്.എ. കെ.എസ്.ഡി.5 /806 /2016 തിയതി. 01-08-2016 | 16 |
| 2015-16 | ന.കെ.എസ്.എ. കെ.എസ്.ഡി.10 / 71 /2017 തിയതി.09.01.2017 | 3 |
| 2016-17 | ന.കെ.എസ്.എ. കെ.എസ്.ഡി.10 / 895/2017 തിയതി.7.8.2017 | 14 |
| 2017-18 | നം.കെ.എസ്.എ.കെ.എസ്.ഡി-10 /099/2019, തിയതി 31.01.2019 | 10 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-I

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എസ്.ഡി-10/992/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി.06.11.2019.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ്295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം -2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kallar Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7576580.50 |
| Cash | Cash | RP-40(a) | 0.50 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1251180.00 |
| 130000000 | Rental income from Panchayat Properties | RP-3 | 750.00 |
| 140000000 | Fees & User Charges | RP-4 | 371030.00 |
| 150000000 | Sale & Hire Charges | RP-5 | 234502.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57139599.00 |
| 171000000 | Interest Earned | RP-9 | 317846.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14658292.00 |
| 350000000 | Other Liabilities | RP-36 | 183713.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 20959.00 |
| 180000000 | Other Income | RP-10 | 50550.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 17505000.00 |
| 340000000 | Deposits Received | RP-34 | 67854.00 |
| 350000000 | Other Liabilities | RP-36 | 250812.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 8489191.00 |
| 460000000 | Loans, Advances and Deposits | RP-47 | 2058383.00 |
| | Grand total | | 110176242.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2881077.00 |
| 220000000 | Administrative Expenses | RP-12 | 1430002.00 |
| 230000000 | Operations & Maintenance | RP-13 | 520355.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4806780.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 50628249.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2272960.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 105416.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 291280.00 |
| 255000000 | Maintenance Projects | RP-20 | 10407397.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 100000.00 |
| 280000000 | Prior Period item | RP-26 | 44171.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 245406.00 |
| 350000000 | Other Liabilities | RP-36 | 4188378.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -2860.00 |
| 350000000 | Other Liabilities | RP-36 | 1623380.00 |
| 410000000 | Fixed Assets | RP-38 | 4478918.00 |
| 412000000 | Capital work in Progress | RP-40 | 6779391.00 |
| 460000000 | Loans, Advances and Deposits | RP-47 | 1099766.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18271321.50 |
| Cash | Cash | RP-40(b) | 4205.50 |
| | Grand Total | | 110176242.00 |

അനുബന്ധം -3

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Kallar Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4357051.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 227418.00 |
| 140000000 | Fee & User Charges | I-4(b) | 487930.00 |
| 150000000 | Sale & Hire Charges | I-5(b) | 234502.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 115198577.00 |
| 170000000 | Income from Investments | I-7 | 20959.00 |
| 171000000 | Interest Earned | I-8 | 317846.00 |
| 180000000 | Other Income | I-9 | 50550.00 |
| | Total Income | | 120894833.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8844370.00 |
| 220000000 | Administrative Expenses | I-11(b) | 1430002.00 |
| 230000000 | Operations & Maintenance | I-12(b) | 520355.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5335536.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 75112796.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3075688.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 105416.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 33171480.00 |
| 255000000 | Maintenance Projects | I-14(e) | 10407397.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 100000.00 |
| 272000000 | Depreciation | I-17(a) | 6372279.00 |
| | Total Expenditure | | 144475968.00 |
| | Gross Surplus/ Deficit of income over Expenditure | | -23581135.00 |
| 280000000 | Prior Period Item | I-18 | -202029.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -23379106.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

അനുബന്ധം -4

ബാലൻസ് ഷീറ്റ്

Kallar Grama Panchayat
BALANCE SHEET

| For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -29415562.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 52320076.00 |
| | Total Reserve & Surplus | | 22904513.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13676929.00 |
| | Total Grants, Contributions for Specific Purposes | | 13676929.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 17505000.00 |
| | Total Loans | | 17505000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 312094.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2922295.85 |
| | Total Current Liabilities and Provisions | | 3234389.85 |
| | TOTAL LIABILITIES | | 57320832.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 58552241.00 |
| 411000000 | Accumulated Depreciation | B-11 | -22471127.00 |
| 412000000 | Capital Work in Progress | B-11(a) | 1289201.00 |
| | Total Fixed Assets | | 37370315.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 83989.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18275527.00 |
| 460000000 | Loans, Advances and Deposits | B-18 | 1591001.00 |
| | Total Current Assets, Loans and Advances | | 19950517.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 57320832.00 |